bluebytes
news that matters

Friday, March 19, 2010

Healis fight against danger of tobacoo
Publication: Business Deepika, Edition: Kochi, Journalist: Bureau, Page No: 2, Location: Fullpage, Width(cms): 25, Height(cms): 27, Size(sq.cms): 675

പുകയിലയ്ക്കെതിരേ

Healis
Sekhsaria Institute for Public Health

സന്ധിയില്ലാത്ത പോരാട്ടം

അതിഥി

ജ്യാന്തര കമ്പനികൾ കോടികൾ കൊയ്യുന്ന വൻകിട വ്യവസായമാണ് പുകയില. പുകവലിയും പുകയില ഉപയോഗവും വർധിക്കുന്നോൾ ട്യൂണാക്കോ കമ്പനികളുടെ ലാഭം കുതിച്ചുയരും. നിശബ്ദനായ കൊലയാളിയാണ് പുകയിലയെന്ന് പലരും തിരിച്ചറിയുന്നില്ല. ജനലക്ഷങ്ങളുടെ ജീവൻ കാർന്നെടുക്കുന്ന പുകയില ഉപയോഗത്തിനെതിരെയുള്ള പോരാട്ടം ഇന്ത്യയിൽ കരുത്തുപാർജ്ജിച്ചു വരികയാണ്. ഡോ. പ്രകാശ് സി. ഗുപ്ത നേതൃത്വം നൽകുന്ന ഗുജറാത്തിലെ ഹീലിസ് സേക്സരിയ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പബ്ലിക് ഹെൽത്ത് 2004 ഓഗസ്റ്റ് മുതൽ പുകയിലയ്ക്കെതിരായ സമരമുഖത്താണ്. പുകയിലയ്ക്കെതിരെ ഹീലിസ് ഏറ്റെടുത്തിരിക്കുന്ന ദൗത്യങ്ങളെക്കുറിച്ച് ഡോ. പ്രകാശ് സി. ഗുപ്തയുമായി നടത്തിയ അഭിമുഖം

ഡോ. പ്രകാശ് സി. ഗുപ്ത

പുകയിലയ്ക്കെതിരായ പോരാട്ടത്തിനുള്ള പ്രചോദനം?

= പ്രതിവർഷം 54 ലക്ഷം പേരാണ് പുകയില ഉപയോഗം മൂലം ലോകത്തിൽ മരിക്കുന്നത്. ഇവയിൽ 80 ശതമാനവും സംഭവിക്കുന്നത് വികസ്വര രാജ്യങ്ങളിലാണ്. 21-ാം നൂറ്റാണ്ടിൽ പുകയില ആഗോളതലത്തിൽ ഒരു ബില്യൺ ജനങ്ങളുടെ മരണത്തിനിടയാക്കുമെന്നാണ് വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെ കണ്ടെത്തൽ. ഇവയിൽ രൂക്ഷമായത് ഇന്ത്യ, ചൈന, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങളായിരിക്കും. രാജ്യം അഭിമുഖീകരിക്കുന്ന ഈ ഭീഷണിയാണ് പുകയില രഹിതമായ ഇന്ത്യയ്ക്ക് വേണ്ടി പ്രവർത്തിക്കാൻ എന്നെ പ്രേരിപ്പിച്ചത്.

ഇന്ത്യയിലെ ഇപ്പോഴത്തെ അവസ്ഥ ?

= ലോകത്തിൽ ഏറ്റവും കൂടുതൽ പുകയില ഉപയോഗിക്കുന്ന രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. ഇന്ത്യയിൽ പ്രതിവർഷം എട്ട് ലക്ഷം പേരാണ് പുകയില ഉപയോഗം മൂലം മരിക്കുന്നത്. അതായത് പ്രതിദിനം 2200 പേർ. ഇവരിൽ 30-60 പ്രായക്കാരാണ്.

ചെറുപ്രായത്തിലെ പുകവലി ശീലമാക്കുന്നില്ലേ?

- നമ്മുടെ രാജ്യത്ത് പതിനഞ്ച് വയസിൽ വയസ് പ്രായമുള്ള 50 ശതമാനം കുട്ടികളെങ്കിലും പുകയിലയ്ക്ക് അടിമകളാണ്. ഇവരിൽ മൂന്നിലൊന്ന് കുട്ടികളെങ്കിലും ഭാവിയിൽ വേദനാജനകമായ മരണത്തിന് വിധേയരാകേണ്ടി വരും. പ്രതിദിനം ലക്ഷത്തിലധികം കുട്ടികളെങ്കിലും ആസ്ത്രമായി പുകയിലയ്ക്കടിമകളാകുന്നു.

ഇന്ത്യയിലെ പുകയില ഉപയോഗം?

= പുകയില ഉപഭോഗം പലവിധത്തിലാണ്. വലിക്കുന്നതും അല്ലാത്തതുമായ (പുകച്ചുതുപ്പുന്നത്) രീതികളാണ് പിന്തുടരുന്നത്. ബീഡി, ഗുട്ക, പാൻമസാല, ചുരുട്ട, സിഗററ്റ് തുടങ്ങി പല രൂപത്തിലും പുകയില ഉപയോഗിക്കപ്പെടുന്നു. ശതമാനം ഉപഭോഗത്തിന്റെ 50 ശതമാനത്തിലധികം പുകയില ഉപയോഗിക്കപ്പെടുന്നത് ബീഡിയിലാണ്. ചവയ്ക്കുന്ന ഗുട്ക പോലെ പുകച്ചുതുപ്പുന്നതിൽ 30-35 ശതമാനവും സിഗരറ്റുകളിൽ 14 ശതമാനവും പുകയില ഉപയോഗിക്കപ്പെടുന്നു.

പുകയില ഉപഭോഗം വർധിക്കുകയാണോ?

= സംശയമെന്ത്. ഒരു കോടിയോളം പേർ പുകയില കൃഷിയുടെയും വ്യവസായത്തിന്റെയും ഗുണഫലങ്ങൾ അനുഭവിക്കുമ്പോൾ 30 കോടിയോളം പേർ കാൻസർ മുതലുള്ള മാരകരോഗങ്ങളുടെ തിക്തഫലങ്ങൾ അനുഭവിക്കുകയാണ്. 2005-06 ൽ നടത്തിയ മൂന്നാം ഘട്ട സർവേയിൽ ഹരിയാന ഒഴിച്ചുള്ള സംസ്ഥാനങ്ങൾ പുരുഷന്മാരിൽ 57 ശതമാനവും സ്ത്രീകളിൽ 18 ശതമാനവും [illegible] ഉപയോഗിക്കുന്നവരാണ്.

ഇന്ത്യയിലെ പുകയില ഉത്പാദനം?

- 100 വർഷം മുമ്പ് പോർട്ടുഗീസുകാരാണ് ഇന്ത്യയിൽ പുകയിലകൃഷി ആരംഭിച്ചത്. ബ്രിട്ടീഷുകാർ 200 വർഷം മുമ്പ് സിഗററ്റ് ഉത്പാദനം തുടങ്ങി. ഇന്ന് രാജ്യത്തെ ജലസേചനമുള്ള കൃഷിഭൂമിയുടെ 0.27 ശതമാനവും പുകയില കൃഷിക്കായി ഉപയോഗിക്കപ്പെടുന്നു. ആന്ധ്രപ്രദേശ്, കർണാടക, ഗുജറാത്ത്, മഹാരാഷ്ട്ര, ബിഹാർ, തമിഴ്നാട്, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങളിലെ 463.5 ആയിരം ഹെക്ടർ പ്രദേശത്ത് പുകയില കൃഷിയുണ്ട്.

പ്രതിവർഷം 54 ലക്ഷം പേരാണ് പുകയില ഉപയോഗം മൂലം ലോകത്തിൽ മരിക്കുന്നത്. ഇവയിൽ 80 ശതമാനവും സംഭവിക്കുന്നത് വികസ്വര രാജ്യങ്ങളിലാണ്. 21-ാം നൂറ്റാണ്ടിൽ പുകയില ആഗോളതലത്തിൽ ഒരു ബില്യൺ ജനങ്ങളുടെ മരണത്തിനിടയാക്കുമെന്നാണ് വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെ കണ്ടെത്തൽ.

ഇന്ത്യയിലെ പുകയില വ്യവസായത്തിന്റെ വ്യാപ്തി?

- വിളവെടുപ്പ്, കയറ്റുമതി, തൊഴിൽ തുടങ്ങി വിവിധതലത്തിലുള്ള (ഗാർഹിക ആഭ്യന്തര ഉത്പാദനം) നടക്കുന്ന സംഭവിക്കുന്ന വ്യവസായമാണ് പുകയില. കർഷകരും കർഷകത്തൊഴിലാളികളും ബീഡിത്തൊഴിലാളികളും ഏജന്റുമാരും കച്ചവടക്കാരുമായി ഒരു കോടിയിലധികം പേർ പുകയില വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നു. 50000 കോടി രൂപയ്ക്ക് മേലാണ് പുകയില വ്യവസായത്തിന്റെ വ്യാപ്തി.

പുകയില കയറ്റുമതി ചെയ്യുന്നുണ്ടോ?

= രാജ്യത്തിന്റെ അന്താരാഷ്ട്ര വ്യാപാരത്തിലെ പ്രധാന ഇനമാണ് പുകയില. കയറ്റുമതിയിൽ ഫ്രാൻസിൽ, യുഎസ്എ, ടർക്കി, സിംബാബ്വേ എന്നിവയ്ക്ക് പിന്നിൽ അഞ്ചാംസ്ഥാനമാണ് ഇന്ത്യ. ആഗോളതലത്തിൽ 3.8 ശതമാനം വിപണിവിഹിതം ഇന്ത്യയ്ക്കുണ്ട്. റഷ്യ, യുകെ, ജപ്പാൻ, മിഡിൽ ഈസ്റ്റ് രാജ്യങ്ങൾ എന്നിവിടങ്ങളിലേക്കാണ് മുഖ്യ കയറ്റുമതി.

പുകയില ഉപഭോഗം കുറയ്ക്കാൻ ഫലപ്രദമായ നിയമങ്ങളില്ലേ?

- സിഗരറ്റിന്റെയും മറ്റ് പുകയില ഉത്പന്നങ്ങളുടെയും പരസ്യം നിരോധിച്ചുകൊണ്ടും കച്ചവടവും വ്യാപാരവും ഉത്പാദനവും വിതരണവും നിയന്ത്രിച്ചുകൊണ്ടും 2003-ൽ നിയമം പാസാക്കിയിരുന്നു. പൊതുസ്ഥലങ്ങളിലെ പുകവലി നിരോധിച്ചുകൊണ്ടുള്ള നിയമം 2008 മാർച്ചിലാണ് പരിഷ്കരിച്ചു. 18 വയസിൽ താഴെയുള്ളവർക്ക് പുകയില ഉത്പന്നങ്ങൾ വിൽക്കുന്നതും നിരോധിച്ചിട്ടുണ്ട്. പക്ഷെ ഇവയൊന്നും ഇപ്പോഴും ഫലപ്രദമായി നടപ്പാക്കപ്പെടുന്നില്ല.

മറ്റെന്തെങ്കിലും നടപടികൾ?

= 2007-08 -ൽ നാഷണൽ ട്യൂബാക്കോ കൺട്രോൾ പ്രോഗ്രാം ഒൻപത് സംസ്ഥാനങ്ങളിലെ 18 ജില്ലകളിൽ നടപ്പാക്കിയിരുന്നു. ഇത് പിന്നീട് 12 സംസ്ഥാനങ്ങളിലെ 24 ജില്ലകളിലേക്ക് വ്യാപിപ്പിച്ചു. ഈ പദ്ധതി പ്രകാരം നാഷണൽ ഹെൽപ്പ്ലൈൻ, മൊബൈലുകൾ വഴിയുള്ള ബോധവത്കരണം തുടങ്ങി. പുകയില ഉത്പന്നങ്ങൾ ഒഴിവാക്കാനുള്ള സഹായവുകൾ ടൂൾ ബോക്സുകളായിരുന്നു നൽകിയത്.

പുകയില ഉപഭോഗം കുറയ്ക്കാനുള്ള നിർദേശങ്ങൾ?

= പുകയില നിയന്ത്രണത്തിന് ലോകത്തിലെ 85 ശതമാനം രാജ്യങ്ങളും സ്വീകരിച്ചിട്ടുള്ളത് വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെ ഫ്രെയിംവർക്ക് കൺവൻഷൻ ഓൺ ട്യൂബാക്കോ കൺട്രോൾ (എഫ്.സി.ടി.സി) ആണ്. ഇന്ത്യയിലും എഫ്.സി.ടി.സി ഫലപ്രദമായി നടപ്പാക്കുകയാണ് വേണ്ടത്. പുകയില ഉപേക്ഷിക്കുന്നവർക്ക് സഹായസഹകരണം നൽകണം. പുകയിലയുടെയും പുകയില ഉത്പന്നങ്ങളുടെയും പരസ്യം, സ്പോൺസർഷിപ്പുകൾ തുടങ്ങിയവ നിരോധിക്കുകയും പുകയിലയ്ക്കും പുകയില ഉത്പന്നങ്ങൾക്കുമുള്ള നികുതിയും വർധിപ്പിക്കണം.

ഈ രംഗത്ത് ഹീലിസിന്റെ ലക്ഷ്യങ്ങൾ?

= പുകയിലയുടെ ഉപഭോഗവും അവ വരുത്തുന്ന അപകടങ്ങളെയും പറ്റി ഹീലിസ് നിരവധി പഠനങ്ങൾ നടത്തിയിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ പുകയില നിയന്ത്രണ മേഖലയിലുണ്ടായ ശക്തിയേകാൻ ഹീലിസിന് കഴിഞ്ഞു. കുട്ടികൾക്ക് ഇടയിലെ പുകയില ഉപയോഗം കുറയ്ക്കാൻ അധ്യാപകരെ പ്രോത്സാഹിപ്പിച്ചുവരികയാണ്. സലാം ബോംബെ ഫൗണ്ടേഷനും ഞങ്ങളുമായി സഹകരിക്കുന്നുണ്ട്. കഴിഞ്ഞ മാർച്ചിൽ മുംബൈയിൽ 14-ാമത് വേൾഡ് കോൺഫറൻസ് ഓൺ ട്യൂബാക്കോ ഓർ ഹെൽത്തിന് ആതിഥ്യം വഹിക്കാനും സാധിച്ചു.

-ഷിഫ്സൺ ഹീലിസ്